**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനാതിർത്തി സർവ്വേയും വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ചു വരുന്നുണ്ട്. വനസംരക്ഷണത്തിന്റെ ഭാഗമായി സേനയെ നവീകരിക്കുന്നതിന് പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുകയും, കൂടാതെ ആധുനിക സുരക്ഷ സംവിധാനങ്ങൾ, പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കാട്ടുതീ പ്രതിരോധ സംവിധാനങ്ങൾ, നിരീക്ഷണ സംവിധാനങ്ങൾ, അലർട്ടുകൾ, ആധുനിക വാഹനങ്ങൾ എന്നിവയും ഉപയോഗിച്ചു വരുന്നു. കൂടാതെ ഫീൽഡ് സ്റ്റാഫുകളേയും താൽക്കാലിക വാച്ചർമാരേയും നിയോഗിച്ച് കൃത്യമായ ഇടവേളകളിൽ പട്രോളിംഗും, ഫീൽഡ് പരിശോധന നടത്തിയും വന സംരക്ഷണം ഉറപ്പാക്കി വരുന്നു. വന കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കെതിരെ കർശനമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിന്റെ വിശദാംശം നൽകുമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXII പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 12 ഫോറസ്റ്റ് സ്റ്റേഷനുകളും 2 ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയവും 32 ആൻറിപോച്ചിംഗ് ക്യാമ്പ് ഷെഡ്ഡിനുമായി 2262 ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് ട്രാഞ്ച് XXIII പദ്ധതിയിൽ 25 ഫോറസ്റ്റ് സ്റ്റേഷനുകൾക്കായി 2250 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXIV പദ്ധതിയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയത്തിനു വേണ്ടി 838.07 ലക്ഷം രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച് XXVI പദ്ധതിയിൽ 16 ഫോറസ്റ്റ് സ്റ്റേഷനുകൾ, ഒരു ഫോറസ്റ്റ് സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | സമുച്ചയം, 14 ഇൻറഗ്രേറ്റഡ് ചെക്ക് പോസ്റ്റുകൾ എന്നിവയ്ക്കായി 3258.39 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവർത്തികളുടെ പുരോഗതി, യഥാസമയം അവലോകനം ചെയ്ത് വരുകയും, സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിലാക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുമുണ്ട്. നബാർഡ് ആർ.ഐ.ഡി. എഫ് ട്രാഞ്ച് XXVII -ൽ 2021-22 സാമ്പത്തിക വർഷത്തിൽ 20 ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 3092.57 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (സി) | ഉൾവനങ്ങളിൽ മെച്ചപ്പെട്ട നിരീക്ഷണത്തിനും കാട്ടുതീ, കഞ്ചാവ് കൃഷി എന്നിവയുൾപ്പെടെയുള്ളവ കണ്ടുപിടിക്കുന്നതിനും സഹായകമാകുന്ന തരത്തിൽ വകുപ്പിനെ സജ്ജീകരിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വെളിപ്പെടുത്താമോ? | (സി) | ഉൾവനങ്ങളിൽ കാട്ടുതീ ഉണ്ടാകുന്നത് തടയുന്നതിനായി സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും ബ്ലോക്ക് തലം (സ്റ്റേഷൻ/ സെക്ഷനുകൾക്കു കീഴിൽ) മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. മുൻകാല രേഖകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാദ്ധ്യതയുള്ള മേഖല, മിതമായ സാദ്ധ്യതയുള്ള മേഖല, സാദ്ധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുകയും, ഓരോ മേഖലകളിലെയും കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർ ഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്പ്മെന്റ് കമ്മറ്റി (EDC) / വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ ഉണ്ടാക്കി ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നുണ്ട്. ട്രക്ക് പാത്തുകളും കൂപ്പ റോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിൽ എത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) |

| | | | | |
|---|---|---|---|---|
| | | | | വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയായ ഫയർ അലർട്ട് സിസ്റ്റത്തിൽ വനംവകുപ്പിലെ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമടക്കം രജിസ്റ്റർ ചെയ്ത് ടി സേവനം ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് ഹെഡ്ക്വാർട്ടേഴ്സ് തലത്തിലും ഫീൽഡ് തലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫയർ സീസണിൽ തുറക്കുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കാട്ടുതീ തടയുന്നതിനായി ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന രണ്ട് 'മിനി ഫയർ റെസ്പോണ്ടർ' വാഹനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. കൂടാതെ ഈ വർഷം മുതൽ കാട്ടുതീ തടയാൻ ഒരു ട്രാക്ടർ പാലക്കാട് ഡിവിഷന് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം Indian Council for Forestry Research Education (ICFRE) വികസിപ്പിച്ച ഉപയോഗ സൗഹൃദപരമായ കാട്ടുതീ പ്രതിരോധ ഉപകരണങ്ങളുടെ ഏതാനും മാതൃകകൾ പരീക്ഷണാടിസ്ഥാനത്തിൽ ഈസ്റ്റേൺ സർക്കിൾ പാലക്കാടിന് നൽകിയിട്ടുണ്ട്. സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് പെട്രോളിംഗ് ശക്തമാക്കുകയും, താൽക്കാലിക വാച്ച് ടവർ നിർമ്മിക്കുകയും, ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചും നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ